**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് 2011-12 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 44,200/- രൂപയ്ക്ക് (നാല്പത്തി നാലായിരത്തി ഇരുന്നൂറ് രൂപ മാത്രം), സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം.627/2019/തസ്വഭവ. തിരുവനന്തപുരം, തീയതി.15/03/2019

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 19/04/2018 ലെ എം3-5537/18 കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12/10/18 ലെ കെ.എസ്.എ./550/2018/പി.റ്റി3 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ 12.11.2009 ന്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് അധികൃതർ നടത്തിയ പരിശോധനയിൽ, അനുവദിക്കപ്പെട്ട 3500 വാട്ട് കണക്ടഡ് ലോഡിനു പകരം 13762 വാട്ട് കണക്ടഡ് ലോഡ് വൈദ്യുതിയുടെ ഉപയോഗം കണ്ടെത്തുകയും അനധികൃത ഉപയോഗം നിയമാനുസൃതമാക്കിയില്ലെങ്കിൽ പിഴ ഈടാക്കുമെന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് 10.12.2009 ൽ കത്ത് നൽകുകയും അന്ന് മുതൽ വൈദ്യുതി ചാർജ്ജിനൊപ്പം പിഴ ഈടാക്കി വരികയും ചെയ്യുകയുണ്ടായി. എന്നാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് അധികൃതരിൽ നിന്ന് അറിയിപ്പ് ലഭിച്ച് മാസങ്ങൾക്ക് ശേഷവും വൈദ്യുതി ലോഡ് ക്രമീകരിക്കാതെ വൻതുക പിഴയായി ഗ്രാമപഞ്ചായത്ത് നൽകേണ്ടി വന്നു. ഇത്തരത്തിൽ പിഴയായി ഒടുക്കിയ 44,200/- രൂപയാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്.

2. ഗ്രാമപഞ്ചായത്ത് കെട്ടിടം നിർമ്മിച്ച കാലത്ത് (1988 ൽ) 3500 വാട്ട് കറന്റ് ഉപയോഗിക്കാനായിരുന്നു അനുമതി ഉണ്ടായിരുന്നത്. ജനകീയാസൂത്രണം നിലവിൽ വന്നപ്പോഴും ഗ്രാമപഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളും ഈ ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തിച്ചുവന്നത്. അതിനാൽ ഇലക്ട്രിസിറ്റി ബിൽ ക്രമാതീതമായി വർദ്ധിക്കുകയും അധികമായി വന്ന തുക പിഴ ഇനത്തിൽ അടവാക്കുകയും ചെയ്തിരുന്നു. അധിക വൈദ്യുതി ഉപയോഗിക്കുമ്പോൾ സാങ്കേതികമായി പാലിക്കേണ്ട നിയമങ്ങൾ അറിയാത്തതുകൊണ്ടും ഓഫീസിൽ ഉണ്ടായിരുന്ന വർദ്ധിച്ച ജോലിഭാരം കാരണവുമായിരുന്നു ഇങ്ങനെ സംഭവിച്ചത് എന്നും ഇപ്പോൾ പുതിയ മീറ്റർ സ്ഥാപിച്ച് താരിഫ് മാറ്റി വൈദ്യുതി ഉപയോഗം ക്രമീകരിച്ചിട്ടുണ്ട് എന്നതും കണക്കിലെടുത്ത് തടസ്സപ്പെടുത്തുകയായ 44,200/- രൂപയുടെ ചെലവിന് സാധൂകരണം ലഭ്യമാക്കുന്നതിനുള്ള 22/01/2016 തീയതിയിലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ എന്നിവ സഹിതം പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. കണക്ടഡ് ലോഡ് അധികമാണെന്ന് വൈദ്യുതി ബോർഡ് കണ്ടെത്തിയിട്ടും താരിഫ് മാറ്റാൻ നടപടി സ്വീകരിക്കാതെ വർഷങ്ങളോളം ഗ്രാമപഞ്ചായത്ത് പിഴ അടവാക്കിയതിനാലാണ് തുക ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചത്. 29/12/2015 ലെ സ.ഉ.(സാധാ).3888/15/തസ്വഭവ പ്രകാരം സമാനസ്വഭാവമുള്ള പരാമർശങ്ങൾക്ക് സാധൂകരണം നൽകിയിട്ടുണ്ടെന്നും 2012 ഒക്ടോബർ മുതൽ പുതുക്കിയ താരിഫിൽ വൈദ്യുതിബിൽ അടവാക്കിയിരിക്കുന്നുണ്ടെന്നും ഓഫീസിന്റെ ദൈനംദിന പ്രവർത്തനം നിലച്ചുപോകുന്ന അവസ്ഥ ഒഴിവാക്കാൻ വേണ്ടിയാണ് യഥാസമയം അധികനിരക്കിലും

തുക അടവാക്കിയതെന്നും ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാ മോണിറ്ററിംഗ് സമിതിയുടെ ശുപാർശ എന്നിവ പരിഗണിച്ച് പരാമർശത്തിൻമേൽ സാധൂകരണം നൽകുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലായെന്നും സർക്കാരിന് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

4. സമാനസ്വഭാവമുള്ള പരാമർശങ്ങൾക്ക് സർക്കാരിനോട് സാധൂകരണത്തിന് അപേക്ഷിക്കേണ്ടിവന്ന പഞ്ചായത്ത് വീണ്ടും ഇത്തരത്തിൽ അനാസ്ഥ കാണിക്കുന്നത് ഉചിതമായ നടപടിയല്ല. പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ, ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ, മേലിൽ ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടാകാതെ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ് എന്ന കർശന നിർദ്ദേശത്തോടു കൂടി, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് റിപ്പോർട്ട് 2011-12 ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 44,200/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**